Volume: 01, Issue: 01

# നിർമലധ്വനി

നിർമലയുടെ മുഖപത്രം

ജൂലൈ 22 തിങ്കൾ 2024

നിർമല കോളേജിന്റെ പ്രതിമാസ പ്രസിദ്ധീകരണം

## നവാഗതരെ വരവേറ്റ് നിർമല



*വിജ്ഞാനോത്സവം പി ബി നൂഹ് ഐ എ എസ് ഉൽഘാടനം ചെയ്യുന്നു.*



*ഡോ. പുന്നൻ കുര്യൻ ദീക്ഷാരംഭ് 2024–25 ഉൽഘാടനം ചെയ്യുന്നു.*

മൂവാറ്റുപുഴ : നിർമല കോളേജിൽ (ഓട്ടോണോമസ്) ഒന്നാം വർഷ ബിരുദ വിദ്യാർഥികളുടെയും ബിരുദാനന്തര ബിരുദ വിദ്യാർഥികളുടെയും വിജ്ഞാനോത്സവം നടത്തി. ജൂലൈ 1ന് കോളേജ് ഡയമണ്ട് ജൂബിലി ഓഡിറ്റോറിയത്തിൽ ദീക്ഷാരംഭ് 2024-25 എന്ന പേരിൽ സംഘടിപ്പിച്ച പരിപാടി കേരള ടൂറിസം ഡയറക്ടറും, കോളേജിലെ പൂർവ്വവിദ്യാർഥിയുമായ പി ബി നൂഹ് ഐ എ എസ് ഉൽഘാടനം ചെയ്തു.

'പഠനത്തിൽ അൽപ്പം മാർക്ക് കുറഞ്ഞാലും നല്ല മനുഷ്യരാവുക എന്നതാണ് പ്രധാനമെന്നും, വിദ്യാർഥികളുടെ സമഗ്ര വളർച്ചയ്ക്ക് വേണ്ട സൗകര്യങ്ങൾ ലഭിക്കുമ്പോൾ അത് കൃത്യമായി ഉപയോഗിക്കണമെന്നും' പി ബി നൂഹ് ഐ എ എസ് പറഞ്ഞു. കോതമംഗലം രൂപതാ അദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. രൂപതാ വികാരി ജനറാളും കോളേജ് മാനേജറുമായ ഫാ. ഡോ. പയസ് മലേക്കണ്ടത്തിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ്, ആവോലി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷെൽമി ജോൺസ്, കോളേജ് ബർസാർ ഫാ. പോൾ കളത്തൂർ, അഡ്മിഷൻ നോഡൽ ഓഫീസർ മാത്യൂസ് കെ മനയാനി എന്നിവർ പ്രസംഗിച്ചു. കോളേജിലെ വിദ്യാർഥികൾ ഒരുക്കിയ കലാവിരുന്നും അരങ്ങേറി. തുടർന്ന് വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും ഡിപ്പാർട്ട്മെന്റ് തല ഓറിയന്റേഷനും, നാലുവർഷ ബിരുദവുമായി ബന്ധപ്പെട്ട ആശങ്കകൾക്കും, സംശയങ്ങൾക്കും മറുപടിയും നൽകി.

അഞ്ച് ദിവസം നീണ്ടു നിന്ന ഇൻഡക്ഷൻ പോഗ്രാം ജൂലൈ 6 ശനിയാഴ്ച്ച സമാപിച്ചു. വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധരുടെ ക്ലാസുകളും ഇൻഡക്ഷൻ പ്രോഗ്രാമിലൂടെ വിദ്യാർഥികൾക്ക് ലഭിച്ചു.

ഒന്നാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർഥികളുടെ 2024-25 വർഷത്തെ ക്ലാസുകൾ ജൂലൈ 8ന് ആരംഭിച്ചു. കോളേജ് എം സി എ ഓഡിറ്റോറിയത്തിൽ ദീക്ഷാരംഭ് എന്ന പേരിൽ സംഘടിപ്പിച്ച പരിപാടി ട്രോപ്പിക്കൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഇക്കലോജിക്കൽ സയൻസ് സെക്രട്ടറി ഡോ. പുന്നൻ കുര്യൻ ഉൽഘാടനം ചെയ്തു.

ഉന്നതവിദ്യാഭ്യാസത്തിന് അന്താരാഷ്ട്രനിലവാരം നിലനിർത്താൻ ആവ്യമായ ഘടകങ്ങൾ ഉൾക്കൊള്ളിച്ച് അതിന് തടസ്സം നിൽക്കുന്നതിനെ നീക്കം ചെയ്യുന്ന വിദ്യാഭ്യാസ രീതിയാണ് പരിശീലിക്കേണ്ടതെന്ന് അദ്ധേഹം പറഞ്ഞു. കോതമംഗലം രൂപതാ വികാരിജനറാളും കോളേജ് മാനേജറുമായ ഫാ. ഡോ. പയസ് മലേക്കണ്ടത്തിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ്, കോളേജ് ബർസാർ ഫാ. പോൾ കളത്തൂർ, വൈസ് പ്രിൻസിപ്പൽ ഡോ. സോണി കുര്യാക്കോസ്, അഡ്മിഷൻ ജോയിന്റ് കോർഡിനേറ്റർ സി. ജിന്റോ ജോൺ എന്നിവർ പ്രസംഗിച്ചു. തുടർന്ന് കോളേജിലെ വിദ്യാർഥികൾ ഒരുക്കിയ കലാവിരുന്നും അരങ്ങേറി.

## സിവിൽ സർവീസ് അക്കാദമിക വർഷത്തിന് തുടക്കം





*അക്കാദമിക വർഷാരംഭം പുട്ട വിമലാദിത്യ ഐ പി എസ് ഉൽഘാടനം ചെയ്യുന്നു*

മൂവാറ്റുപുഴ : നിർമല കോളേജ് (ഓട്ടോണോമസ്) സിവിൽ സർവീസ് അക്കാദമിയുടെ 2024-25 അക്കാദമിക വർഷത്തിന് തുടക്കമായി. ജൂലൈ 13 ശനിയാഴ്ച്ച കോളേജ് എം സി എ ഓഡിറ്റോറിയത്തിൽ നടത്തിയ പരിപാടി ആന്റി ടെററിസ്റ്റ് സക്വാഡ് ഡയറക്ടറും എറണാകുളം റേഞ്ച് ഡി ഐ ജി യുമായ പുട്ട വിമലാദിത്യ ഐ പി എസ് ഉൽഘാടനം ചെയ്തു. ആഗ്രഹത്തെ നേടിയെടുത്ത് ലക്ഷ്യത്തിലേക്ക് എത്താൻ തിവ്രമായി പരിശ്രമിക്കണമെന്നും ലക്ഷ്യത്തിലെത്താൻ സഹായിക്കുന്ന കഴിവുകളെ സ്വയം വളർത്തിയെടുക്കണമെന്നും പുട്ട വിമലാദിത്യ ഐ പി എസ് പറഞ്ഞു. സ്കൂൾ വിദ്യാർഥികൾക്കായുള്ള ഫണ്ടമെന്റൽസ്, കോളേജ് വിദ്യാർഥികൾക്കായി ഫൗണ്ടേഷൻ, റെഗുലർ എന്നീ ബാച്ചുകളുടെ ക്ലാസുകൾക്കാണ് തുടക്കമിട്ടത്. കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ്, കോളേജ് ഓട്ടോണോമസ് ഡയറക്ടർ ഡോ. തോമസ് കെ വി, സിവിൽ സർവീസ് അക്കാദമി അഡ്മിനിസ്ട്രേറ്ററും കോളേജ് ബർസാറുമായ ഫാ. പോൾ കളത്തൂർ, ബോർഡ് മെമ്പർ ഫാ. ഡോ. സ്റ്റാൻലി പുൽപ്രയിൽ, ഫാ. പോൾ ചൂരത്തൊട്ടി, വിദ്യാർഥി പ്രതിനിധി അലേന ജെ കുരുവിത്തടം എന്നിവർ പ്രസംഗിച്ചു. തുടർന്ന് സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ ജിസ്നി ജോസിന് ആദരവും നൽകി.

## നിർമല കോളേജിന് പേറ്റന്റ്

മുവാറ്റുപുഴ : രസതന്ത്ര മേഖലയിലെ പുതിയ കണ്ടെത്തലിന് നിർമല കോളേജിന് പേറ്റന്റ് ലഭിച്ചു. കോളേജിലെ കെമിസ്ട്രി വിഭാഗം അധ്യാപകനായ ഡോ.ജ്യോതിഷ് കുത്തനാപ്പിള്ളിൽ, ഗവേഷക വിദ്യാർഥിയായ അഞ്ജലി രാജു എന്നിവരാണ് പേറ്റന്റിന് അർഹരായത്. കശുവണ്ടിയുടെ പുറംതൊലിയിലെ പ്രകൃതിദത്ത ഫിനോൾ ആയ കാർഡനോൾ ഉപയോഗിച്ച് ലിക്വിഡ് ക്രിസ്റ്റലിൻ മെറ്റീരിയലുകൾ വികസിപ്പിച്ചതിനാണ് പേറ്റന്റ് ലഭിച്ചത്. ഈ കണ്ടുപിടുത്തം പരിസ്ഥിതി സൗഹൃദമെന്ന നിലയിലും വേറിട്ട് നിൽക്കുന്നു. നൂതന ഡിസ്പ്ലേകൾ (LCDs) മുതൽ ഫാർമസ്യൂട്ടിക്കൽസ് വരെയുള്ള വിവിധ ആപ്ലിക്കേഷനുകളിൽ ലിക്വിഡ് ക്രിസ്റ്റലിൻ മെറ്റീരിയലുകൾ ഉപയോഗിക്കുന്നുണ്ട്. കാർഡനോളിന്റെ തനതായ ഗുണങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെ, വിവിധ വ്യവസായങ്ങളിൽ അനുയോജ്യമായ ഗുണങ്ങളുള്ള വൈവിധ്യമാർന്ന വസ്തുക്കളുടെ വികസനത്തിന് ശാസ്ത്രജ്ഞരെയും ഗവേഷകരെയും ഈ കണ്ടെത്തൽ പ്രചോദിപ്പിക്കും.



*ഡോ.ജ്യോതിഷ് കുത്തനാപ്പിള്ളിൽ*



*അഞ്ജലി രാജു*

## എഡിറ്റോറിയൽ

# പഠിക്കാം മുന്നേറാം...

പുത്തൻ സ്വപ്നങ്ങളും പ്രതീക്ഷകളുമായാണ് അക്കാദമിക വർഷത്തിന് തുടക്കമിട്ടത്. ഇന്ത്യയിലെയും വിദേശത്തെയും ഉന്നത പഠന, തൊഴിൽ സാധ്യതകളെ ലക്ഷ്യമാക്കുന്ന പഠന പരിഷ്കാരമാണ് നാലുവർഷ ബിരുദം. വിദ്യാർഥികൾക്ക് നിരവധി സാധ്യതകൾ ലഭിക്കുന്നു എന്നതാണ് പ്രധാന സവിശേഷത. വിദ്യാർഥികളുടെ പഠനവേഗതയ്ക്കും അഭിരുചിക്കും അനുസരിച്ച് പൂർത്തിയാക്കാവുന്ന ബിരുദ ഘടനയാണ് പുതിയ പാഠ്യപദ്ധതി. പരീക്ഷകളിൽ പ്രാധാന്യം ഓർമയ്ക്കല്ല, മറിച്ച് അറിവിനാണ്. ഗവേഷണത്തിനും കൂടുതൽ പ്രാധാന്യമുണ്ട്.പുത്തൻ വിദ്യാഭ്യാസ സങ്കൽപ്പങ്ങൾക്കനുസരിച്ച് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വേണ്ടി വിപുലമായ അത്യാധുനികവും സാങ്കേതികവുമായ സൗകര്യങ്ങളാണ് സർവകലാശാലകളും കോളേജുകളും നൽകുന്നത്. മികച്ച വിദ്യാർഥികൾക്ക് രണ്ടര വർഷംകൊണ്ട് ഡിഗ്രി പഠനം പൂർത്തിയാക്കാം എന്നതാണ് മറ്റൊരു പ്രധാന ആകർഷണം. സിലബസിനപ്പുറം വിദ്യാഭ്യാസത്തിലൂടെ നല്ല മനുഷ്യരാവുക എന്നതും വിദ്യാർഥികൾ വളർത്തിയെടുക്കേണ്ട ശീലമാണ്. ഒരാളോട് എങ്ങനെ സംസാരിക്കണം, എങ്ങനെ നല്ല ബന്ധം പുലർത്താനാകണം എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ സാധിക്കുമ്പോഴാണ് ഓരോരുത്തരും മികവുള്ള വിദ്യാർഥികളായി മാറുന്നത്. വിദ്യാർഥികളുടെ ഭാവി ലക്ഷ്യം വെച്ചുള്ള പുതിയ മാറ്റങ്ങൾ പൂർണമാകണമെങ്കിൽ പഠിക്കുന്ന ഓരോ വിദ്യാർഥികളുടെയും സഹകരണം അനിവാര്യമാണ്. പഠിക്കുന്നത് ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങാതെ ജീവിതത്തിലുടനീളം, പഠിച്ച മൂല്യങ്ങൾ ഉൾക്കൊള്ളാൻ ഓരോ വിദ്യാർഥികൾക്കും സാധിക്കണം.അതിനുള്ള മികച്ച തുടക്കമാകട്ടെ ഈ അക്കാദമിക വർഷം.

*ഫാ. ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ്*
*പ്രിൻസിപ്പൽ*



## കോളേജ് ക്യാന്റീൻ പ്രവർത്തനമാരംഭിച്ചു



*കോളേജ് ഓട്ടോണോമസ് ഡയറക്ടർ ഡോ. കെ വി തോമസ് ക്യാന്റീൻ ഉൽഘാടനം ചെയ്യുന്നു*

നിർമല കോളേജിലെ അധ്യാപകർക്കും വിദ്യാർഥികൾക്കുമായി കോളേജ് ലൈബ്രറി ബ്ലോക്കിൽ ക്യാന്റീൻ പ്രവർത്തനമാരംഭിച്ചു. കോളേജ് ഓട്ടോണോമസ് ഡയറക്ടർ ഡോ. കെ വി തോമസ് ക്യാന്റീനിന്റെ ഉൽഘാടനം നിർവഹിച്ചു. കോളേജ് ബർസാർ ഫാ. ലിൻസ് കളത്തൂർ ക്യാന്റീനിന്റെ വെഞ്ചിരിപ്പ് നടത്തി. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ്, വൈസ് പ്രിൻസിപ്പൽ ഡോ. ജിജി കെ ജോസഫ്, കോളേജ് ഡീൻമാരായ ഡോ. വിനോദ് കെ വി, ഷൈമോൻ ജോസഫ്, മറ്റ് അധ്യാപകർ വിദ്യാർഥികൾ എന്നിവർ ഉൽഘാടന ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് വിദ്യാർഥികളുടെ കലാപരിപാടികളും അരങ്ങേറി. ഉൽഘാടനം പ്രമാണിച്ച് ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും പായസവും വിതരണം ചെയ്തു.

# ധാരണാപത്രം ഒപ്പിട്ട് ഡിപ്പാർട്മെന്റുകൾ



*വിദ്യാർഥികളുടെ അക്കാദമിക വളർച്ചയ്ക്കായി ഡാറ്റാ സയൻസ് വിഭാഗവും സെ.ജോസഫ് കോളേജ് മൂലമറ്റവും ചേർന്നുള്ള ധാരണാപത്രം*



*വിദ്യാർഥികളുടെ കരിയർ സംബന്ധമായ ആവശ്യങ്ങൾക്ക് നിർമല കോളേജും FIS ഇൻഫോപാർക്കുമായുള്ള ധാരണാപത്രം*

**ക്യാമ്പസിനുമപ്പുറം**

# വൈസ് പ്രിൻസിപ്പലിന്റെ കൃഷിത്തോട്ടം

*അമ്പിയു, റമ്പൂട്ടാൻ, കപ്പ, വാഴ, എന്നിങ്ങനെ വിവിധയിനം വിളകളാൽ സമൃദ്ധമാണ് ഇമ്മാനുവൽ സാറിന്റെ കൃഷിത്തോട്ടം. കൃഷിക്ക് വേണ്ടി വീട്ടിലെ നാല് സെന്റ് സ്ഥലം മാറ്റി വെച്ചു. കോളേജിലെ തിരക്കിനിടയിലും കൃഷിക്കായി സമയം കണ്ടെത്തി. എട്ട് മാസത്തോളമായി വീട്ടിലേക്ക് ആവശ്യമായ പച്ചക്കറികളെല്ലാം സ്വന്തമായി കൃഷി ചെയ്ത് ഉപയോഗിക്കുന്നു എന്നതാണ് ആനിക്കാട് സ്വദേശിയായ ആയിത്താനത്ത് വീട്ടിലെ എ ജെ ഇമ്മാനുവൽ എന്ന കർഷകന് പറയാനുള്ളത്. ദിവസവും രാവിലെ പറമ്പിൽ കൃഷിക്കായി അൽപ്പം സമയം ചിലവഴിക്കും. പിന്നിട് അവധി ദിവസമാണ് പറമ്പിലെ പ്രധാന പണികൾ. നാടൻ വളങ്ങളാണ് പ്രധാനമായും കൃഷിക്കായി ഉപയോഗിക്കുന്നത്. ക്ഷമയോടെ കൃഷിക്കായി സമയം കണ്ടെത്തിയാൽ തീർച്ചയായും വിജയിക്കാനാകും എന്നതിന് മികച്ച ഉദാഹരണമാണ് ഇമ്മാനുവൽ സാർ. കീടങ്ങളുടെ ഉപദ്രവമാണ് കർഷകർ നേരിടുന്ന വലിയ പ്രതിസന്ധി. അതിനെ എങ്ങനെ മറികടക്കാം എന്നതിന് നിരവധി അറിവുകൾ ലഭിച്ചുവെന്നും, കാലാവസ്ഥയിലെ മാറ്റങ്ങൾ അനുസരിച്ച് കീടനാശിനികൾ ഉപയോഗിക്കണമെന്നും എ ജെ ഇമ്മാനുവൽ പറയുന്നു. കൃഷിയിലൂടെ കഷ്ടപ്പാടിന് ഫലം കാണുമ്പോൾ ഉണ്ടാകുന്ന സന്തോഷമാണ് ഏറ്റവും വലുത്. മണ്ണിലെ മാറ്റങ്ങൾക്കൊണ്ട് പോലും കൃഷി നശിക്കാൻ കാരണമാകാറുണ്ട് , അത്തരം കാര്യങ്ങൾ ഒഴിവാക്കാൻ മണ്ണിന്റെ പി എച്ച് ഫാക്ടർ മനസിലാക്കി കൃഷി ഇറക്കിയാൽ നൂറ് ശതമാനം ഫലം കാണാൻ കഴിയും എന്നതും സ്വന്തം അനുഭവത്തിലൂടെ ഇമ്മാനുവൽ സാർ പറയുന്നു. കുടുംബത്തിന്റെ പിന്തുണയും കൃഷിയിൽ പ്രധാനമാണ്. ഭാര്യ സോഫിയയുടെ പിന്തുണയുമാണ് ലക്ഷ്യത്തിലെത്താൻ സഹായിച്ചതെന്നും സാർ പറയുന്നു. വിവിധ ഇനം വിദേശ പേരകൾ, മൾബറി, റെഡ് ലേഡി പപ്പായ, ഇഞ്ചി, തക്കാളി, കോവൽ, പച്ചമുളക് എന്നിങ്ങനെ നീളുന്നു സാറിന്റെ കൃഷി വിശേഷങ്ങൾ. ഈ മാതൃക നമുക്കും കൈമുതലാക്കാം...*



*പ്രൊഫ. എ ജെ ഇമ്മാനുവൽ കൃഷിസ്ഥലത്ത്*

## നിർമല കോളേജിന് കേന്ദ്ര സർക്കാർ ഗ്രാന്റ്

മൂവാറ്റുപുഴ : നിർമല കോളേജിന് (ഓട്ടോണോമസ്) കേന്ദ്ര സർക്കാർ 64 ലക്ഷം രൂപ ഗ്രാന്റ് അനുവദിച്ചു. കോളേജിൽ ഗവേഷണത്തിനായി അത്യാധുനീക ഉപകരണങ്ങൾ വാങ്ങുന്നതിനും നൂതന സാങ്കേതികവിദ്യകൾ സംയോജിതമായി വികസിപ്പിക്കാനുമായി കേന്ദ്ര സയൻസ് ആന്റ് ടെക്നോളജി വകുപ്പാണ് 64 ലക്ഷം രൂപയുടെ ഗ്രാന്റ് കോളേജിന് അനുവദിച്ചത്. ഈ നേട്ടത്തിലൂടെ ഈ വർഷം എറണാകുളം ജില്ലയിലെ ഏക കോളേജായും, കേരളത്തിലെ ഏഴ് കോളേജുകളിൽ ഒന്നും, ദേശിയ തലത്തിൽ 31 കോളേജുകളിൽ ഒന്നായും നിർമല കോളേജ് തിരഞ്ഞെടുക്കപ്പെട്ടു. ഗ്രാന്റ് വിദ്യർഥികളുടെ ഇന്റേൺഷിപ്പിനും ഗവേഷണത്തിനും, സ്റ്റാർട്ടപ്പുകൾക്കും സഹായകരമാകുമെന്ന് പ്രിൻസിപ്പൽ ഫാ.ഡോ.ജസ്റ്റിൻ കെ കുര്യാക്കോസ് പറഞ്ഞു. കോളേജിലെ സയൻസ് വിഭാഗങ്ങൾക്കായിരിക്കും ഇതിലൂടെ കൂടുതൽ പ്രയോജനം ലഭിക്കുക. കോളേജിന്റെ അക്കാദമിക ഗവേഷണ നിലവാരവും, **NAAC, NIRF** ഉയർന്ന റാങ്കിങ്ങുകളുമാണ് കോളേജിനെ ഈ നേട്ടത്തിന് അർഹമാക്കിയത്.

## ഒരു ആനവണ്ടി യാത്ര

നിർമല കോളേജിലെ ടൂറിസം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഹിൽ പാലസ് യാത്ര സംഘടിപ്പിച്ചു. ഒന്നാം വർഷ ടൂറിസം ഡിഗ്രി, പി ജി വിദ്യാർഥികൾക്കായാണ് യാത്ര നടത്തിയത്. എറണാകുളം ജില്ലയുടെ ടൂറിസം മാപ്പിൽ തൃപ്പൂണിത്തുറ ഹിൽ പാലസിന്റെ പ്രാധാന്യം മനസിലാക്കുകയും പഠിക്കുകയും ചെയ്യുക എന്നതായിരുന്നു യാത്രയുടെ ലക്ഷ്യം. ബജറ്റ് ഫ്രണ്ട്ലി യാത്ര പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ കെ എസ് ആർ ടി സിയുമായി സഹകരിച്ചാണ് യാത്ര സംഘടിപ്പിച്ചത്. ടൂറിസം വിഭാഗത്തിലെ അധ്യാപകരും യാത്രയിൽ വിദ്യാർഥികൾക്കൊപ്പം പങ്കുചേർന്നു.




*വിദ്യാർഥികളും അധ്യാപകരും യാത്രയ്ക്ക് മുൻപ്*

*For private circulation only*

*എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആന്റ് പബ്ലിഷർ- ഫാ. ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ്, പ്രിൻസിപ്പൽ | സ്റ്റാഫ് എഡിറ്റർ- ഷൈമോൻ ജോസഫ്, ഡീൻ, കോർപ്പറേറ്റ് റിലേഷൻസ്*
*എഡിറ്റർ ഇൻചാർജ്- ഏബൽ ബാബു, പബ്ലിക് റിലേഷൻസ് ഓഫീസർ, നിർമല കോളേജ് (ഓട്ടോണോമസ്), മൂവാറ്റുപുഴ*